ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 13.09.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. വികസിത മണിപ്പൂരിനായി സമാധാനത്തിന്റെ പാത സ്വീകരിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. മണിപ്പൂരിൽ വിവിധ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കം കുറിച്ചു.

   **PM Narendra Modi Calls for Peace as a Path to a Developed Manipur; Inaugurates Key Development Projects in the State.**

2. പാർലമെൻറ് അംഗങ്ങൾ രാഷ്ട്രീയ ബന്ധങ്ങൾക്കതീതമായി സമൂഹ നന്മ ലക്ഷ്യമിടുന്ന നയരൂപീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടണമെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള.

   **Parliament Members Should Engage in Policy-Making Aimed at Social Welfare, Rising Above Political Affiliations, says Lok Sabha Speaker Om Birla.**

3. കേരളത്തിൽ, 2025-ലെ വന്യജീവി സംരക്ഷണ ഭേദഗതി ബില്ലിന്റെ കരടിന് സംസ്ഥാന മന്ത്രിസഭയുടെ അംഗീകാരം.

   **Kerala Cabinet Approves Draft of 2025 Wildlife Protection Amendment Bill.**

4. വികസിത് ഭാരത് 'യുവനേതൃസംവാദ'ത്തിൻ്റെ രണ്ടാം പതിപ്പ് ന്യൂഡൽഹിയിൽ പ്രഖ്യാപിച്ച് കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ.

**Union Minister Mansukh Mandaviya Announces Second Edition of 'Viksit Bharat Young Leaders Dialogue' in New Delhi.**

5. മ്യാൻമറിൽ സൈന്യം നടത്തിയ വ്യോമാക്രമണത്തിൽ 19 വിദ്യാർത്ഥികൾ കൊല്ലപ്പെട്ടു.

**19 Students Killed in Airstrike by Military in Myanmar.**

6. ഹോങ്കോംഗ് ഓപ്പൺ സൂപ്പർ 500 ബാഡ്മിന്റൺ പുരുഷ സിംഗിൾസിൽ ഇന്ത്യയുടെ ലക്ഷ്യ സെൻ ഫൈനലിൽ.

**India's Lakshya Sen Reaches Final of Hong Kong Open Super 500 Men's Singles.**

**&&&&&&&&&&&&&&&**

# HEADLINE 1

## PM-NORTH-EAST VISIT

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിലേക്കുള്ള സന്ദർശനം പുരോഗമിക്കുന്നു. മണിപ്പൂരിലെ ഇംഫാലിൽ 1,200 കോടിയിലധികം രൂപയുടെ വിവിധ പദ്ധതികൾ ഉദ്ഘാടനം ചെയ്ത പ്രധാനമന്ത്രി പൊതുസമ്മേളനത്തെ അഭിസംബോധന ചെയ്തു. അസം സന്ദർശനത്തിന്റെ ഭാഗമായി വൈകിട്ട് ഗുവാഹത്തിയിൽ ഭാരതരത്ന ഡോ. ഭൂപൻ ഹസാരികയുടെ 100-ാം ജന്മവാർഷിക ആഘോഷങ്ങളിൽ ശ്രീ മോദി പങ്കെടുത്തു. നാളെ, അസമിൽ 18,530 കോടി രൂപയിലധികം ചെലവ് വരുന്ന അടിസ്ഥാന സൗകര്യ, വ്യാവസായിക വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും പ്രധാനമന്ത്രി നിർവഹിക്കും.

**&&&&&&&&&&&&&&&**

## REV. NEW PM - MANIPUR- INTRO

വികസിത മണിപ്പൂരിനായി സമാധാനത്തിന്റെ പാത സ്വീകരിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. മണിപ്പൂർ ജനതയുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാനും കുട്ടികളുടെ ഭാവി സുരക്ഷിതമാക്കാനും എല്ലാ വിഭാഗങ്ങളും ഐക്യത്തോടെ കഴിയണമെന്നും പ്രധാനമന്ത്രി അഭ്യർത്ഥിച്ചു. മണിപ്പൂരിലെ ചുരാചന്ദ്പൂരിൽ 7,300 കോടിയിലധികം രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കുകയായിരുന്നു അദ്ദേഹം. കേന്ദ്രസർക്കാർ മണിപ്പൂരിലെ ജനങ്ങളോടൊപ്പമാണെന്നും പരസ്പര ബഹുമാനം, ചർച്ചകൾ എന്നിവയ്ക്കാണ് സർക്കാർ മുൻഗണന നൽകുന്നതെന്നും പ്രധാനമന്ത്രി കൂട്ടിച്ചേർത്തു.

( വോയിസ്..... )

റോഡുകൾ, ഡ്രെയിനേജ്, ദേശീയ പാത പദ്ധതികൾ, വർക്കിംഗ് വിമൻ ഹോസ്റ്റലുകൾ എന്നിവയുൾപ്പടെ 19 പദ്ധതികൾക്കാണ് ഇന്ന് സമാരംഭം കുറിച്ചത്. അടിസ്ഥാന സൗകര്യം, ആരോഗ്യ മേഖല എന്നിവയുൾപ്പെടെ മണിപ്പൂരിലെ ജനങ്ങളുടെ ജീവിതം മെച്ചപ്പെടുത്തുന്നത് ലക്ഷ്യമിട്ടുള്ള പദ്ധതികളാണ് ഉദ്ഘാടനം ചെയ്യതെന്ന് ശ്രീ മോദി പറഞ്ഞു.

&&&&&&&&&&&&&&

## PM - NEPAL

നേപ്പാളിലെ ഇടക്കാല സർക്കാരിന്റെ പ്രധാനമന്ത്രിയായി സ്ഥാനമേറ്റ സുശീല കർക്കിയെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് അഭിനന്ദിച്ചു. നേപ്പാൾ ഇന്ത്യയുടെ അടുത്ത സുഹൃത്തും വിശ്വസ്ത പങ്കാളിയുമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. അഴിമതി വിരുദ്ധ പ്രതിഷേധങ്ങളെ തുടർന്ന് കെ പി ശർമ്മ ഒലി സർക്കാർ രാജി വച്ച പശ്ചാത്തലത്തിലാണ് നേപ്പാളിന്റെ മുൻ സുപ്രീം കോടതി ചീഫ് ജസ്റ്റിസ് സുശീല കർക്കി ഇടക്കാല പ്രധാനമന്ത്രിയായി ചുമതലയേറ്റത്. നേപ്പാളിലെ ആദ്യ വനിതാ പ്രധാനമന്ത്രിയാണ് കർക്കി.

&&&&&&&&&&&&&&&

## GST REFORMS-NIL TAX

പരിഷ്കരിച്ച ജിഎസ്ടി ഇളവുകൾ ഈ മാസം 22 മുതൽ രാജ്യത്ത് പ്രാബല്യത്തിൽ വരും. ഉയർന്ന താപനിലയിൽ സംസ്കരിച്ച പാൽ, പാക്ക് ചെയ്ത ഭക്ഷ്യവസ്തുക്കൾ, ബ്രാൻഡ് ചെയ്യാത്ത അരി, ഗോതമ്പ്, പയർവർഗ്ഗങ്ങൾ, എല്ലാത്തരം ബ്രെഡുകൾ എന്നിവ ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങളെ ജിഎസ്ടിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ഇതിന് പുറമെ ആരോഗ്യ ഇൻഷുറൻസ് പ്രീമിയങ്ങൾക്കും ജിഎസ്ടിയില്ല.

&&&&&&&&&&&&&&&

## HEADLINE 2

## KARNATAKA - LS OM BIRLA

പാർലമെന്റംഗങ്ങൾ രാഷ്ട്രീയ ബന്ധങ്ങൾക്ക് അതീതമായി സമൂഹ നന്മ ലക്ഷ്യമിടുന്ന നയരൂപീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടണമെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള. ബെംഗളൂരുവിൽ കോമൺവെൽത്ത് പാർലമെന്ററി അസോസിയേഷന്റെ 11-ാമത് ഇന്ത്യ മേഖല സമ്മേളനത്തിന്റെ സമാപന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. നിയമസഭാംഗങ്ങളുടെ ജനോപകാരപ്രദമായ പ്രവർത്തനങ്ങൾക്ക് പ്രചാരം നൽകണമെന്ന് അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

&&&&&&&&&&&&&&&

## SIR- CEO

കേരളത്തിലെ തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൻറെ സമയക്രമം ഉടൻ പ്രഖ്യാപിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ . തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശപ്രകാരം കേരളത്തിൽ ഇതിനോടകം തന്നെ ചില തയ്യാറെടുപ്പുകൾ നടത്തിക്കഴിഞ്ഞതായും അദ്ദേഹം

അറിയിച്ചു. ഇതിന്റെ ഭാഗമായി ഈ മാസം 20 ന് രാഷ്ട്രീയ പാർട്ടികളുമായി കൂടിക്കാഴ്ച നടത്തുമെന്നും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ പറഞ്ഞു.

**&&&&&&&&&&&&&&&**

## HEADLINE 3

## KERALA CABINET

കേരളത്തിൽ, 2025-ലെ വന്യജീവി സംരക്ഷണ ഭേദഗതി ബില്ലിന്റെ കരടിന് സംസ്ഥാന മന്ത്രിസഭായോഗത്തിൻറെ അംഗീകാരം. ജനവാസ മേഖലയിലിറങ്ങുന്ന അക്രമകാരികളായ വന്യമൃഗത്തെ കൊല്ലുന്നതിന് ഉത്തരവിടാൻ ചീഫ് വൈൽഡ് ലൈഫ് വാർഡന് അധികാരം നൽകുന്നതാണ് ബിൽ. രാജ്യത്ത് ആദ്യമായാണ് ഒരു സംസ്ഥാനം കേന്ദ്ര നിയമത്തിൽ ഇത്തരമൊരു ഭേദഗതി കൊണ്ടുവരുന്നത്. ഏക കിടപ്പാടം സംരക്ഷണ ബിൽ, മുനിസിപ്പാലിറ്റി ആക്ട് ഭേദഗതി ബിൽ, പഞ്ചായത്ത് രാജ് ആക്ട് ഭേദഗതി ബിൽ തുടങ്ങിയവയുടെ കരടിനും മന്ത്രിസഭ അംഗീകാരം നൽകി.

**&&&&&&&&&&&&&&&**

## DRIVING LEARNERS

കേരളത്തിൽ ഡ്രൈവിംഗ് ലേണേഴ്സ് ടെസ്റ്റിൽ മാറ്റങ്ങൾ. ഇനി മുതൽ 30 ചോദ്യങ്ങളുണ്ടാകും. 18 ഉത്തരങ്ങൾ ശരിയായാൽ മാത്രമേ ടെസ്റ്റിൽ വിജയിക്കൂ. ഉത്തരം 30 സെക്കൻറിനുള്ളിൽ നൽകിയാൽ മതിയാകും. കൂടാതെ, MVD യുടെ മോക് ടെസ്റ്റ് സർട്ടിഫിക്കറ്റ് ഇല്ലാത്തവർക്ക് പരിശീലകർക്കുള്ള ലൈസൻസ് പുതുക്കി നൽകില്ല. ഒക്ടോബർ 1 മുതൽ പുതിയ മാറ്റം നിലവിൽ വരും.

**&&&&&&&&&&&&&&&**

## AMOEBIC

കോഴിക്കോട് അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് ഒരാളെ കൂടി ആശുപത്രിയിൽ പ്രവേശിപ്പിച്ച പശ്ചാത്തലത്തിൽ ആരോഗ്യവകുപ്പ് ജാഗ്രത കർശനമാക്കി. മലപ്പുറം അരീക്കോട് സ്വദേശിയായ പത്ത് വയസുള്ള കുട്ടിക്കാണ് പുതുതായി രോഗബാധ റിപ്പോർട്ട് ചെയ്തത്. ആകെ 11 പേരാണ് നിലവിൽ ചികിത്സയിലുള്ളത്.

**&&&&&&&&&&&&&&&**

## KERALA ASSEMBLY

പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിന് തിങ്കളാഴ്ച തുടക്കമാകും. അന്തരിച്ച മുൻ മുഖ്യമന്ത്രി വി എസ് അച്യുതാനന്ദൻ, വാഴൂർ സോമൻ MLA എന്നിവർക്ക് അനുശോചനം അർപ്പിച്ച് ആദ്യ ദിനം സഭ പിരിയും. അടുത്ത മാസം 10 വരെ നീളുന്ന സമ്മേളന കാലയളവിൽ 12 ദിവസമാണ് സഭ ചേരുക.

**&&&&&&&&&&&&&&&**

## HEADLINE 5

## MYANMAR - AIR STRIKE KILLED

മ്യാൻമറിൽ ഭരണകൂടവിരുദ്ധ സംഘമായ അരക്കാർ ആർമിയുടെ ശക്തികേന്ദ്രത്തെ ലക്ഷ്യമിട്ട് സൈന്യം നടത്തിയ വ്യോമാക്രമണത്തിൽ 19 വിദ്യാർത്ഥികൾ കൊല്ലപ്പെട്ടു. 20 ലധികം പേർക്ക് പരിക്കേറ്റു. അരക്കാൻ ആർമിയുടെ അധീനതതയിലുള്ള പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ബോർഡിങ് സ്കൂളുകളിലാണ് ആക്രമണമുണ്ടായത്. വിദ്യാർത്ഥികൾ ഉറങ്ങിക്കിടക്കുമ്പോഴായിരുന്നു ആക്രമണം. സമീപത്തെ നിരവധി വീടുകളും നശിപ്പിക്കപ്പെട്ടു. ആക്രമണത്തെ യുണിസെഫ് ശക്തമായി അപലപിച്ചു.

**&&&&&&&&&&&&&&&**

## IMD WEATHER

ബീഹാർ, തെലങ്കാന, ഉത്തരാഖണ്ഡ്, വടക്കു-കിഴക്കൻ സംസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ ഇന്നും നാളെയും കനത്ത മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഹരിയാന, ചണ്ഡീഗഢ്, ഹിമാചൽ പ്രദേശ്, ആന്ധ്രാപ്രദേശ്, തീരദേശ കർണാടക, കൊങ്കൺ, ഗോവ, എന്നിവിടങ്ങളിലും ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്. ഈ മാസം 17 വരെ തെക്കു പടിഞ്ഞാറൻ അറബിക്കടൽ, ആന്ധ്ര തീരം, മധ്യ പടിഞ്ഞാറൻ ബംഗാൾ ഉൾക്കടൽ തമിഴ്നാട് തീരം, കന്യാകുമാരി എന്നിവിടങ്ങളിൽ ശക്തമായ കാറ്റിനും സാധ്യതയുള്ളതിനാൽ ഈ പ്രദേശങ്ങളിൽ മത്സ്യബന്ധനത്തിന് പോകരുതെന്ന് മുന്നറിയിപ്പ്.

&&&&&&&&&&&&&&&

**PUNJAB-MoS I&B**

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ സഹമന്ത്രി എൽ. മുരുകൻ ഇന്ന് പഞ്ചാബിൽ വെള്ളപ്പൊക്കം നാശം വിതച്ച രൂപ് നഗർ ജില്ലയിലെ സ്ഥിതിഗതികൾ വിലയിരുത്തി. സത്‌ലജ് നദിക്കടുത്തുള്ള ദുരന്ത ബാധിത ഗ്രാമങ്ങൾ അദ്ദേഹം സന്ദർശിച്ചു. കേന്ദ്ര സഹമന്ത്രിമാരായ ബൻവാരി ലാൽ വർമ്മയും ശോഭ കരന്ദ്ലാജെയും ഇന്നലെ ഗുർദാസ്പൂരിലും ലുധിയാനയിലും സന്ദർശനം നടത്തിയിരുന്നു. 1600 കോടി രൂപയുടെ ദുരിതാശ്വാസ പാക്കേജിന് പുറമേ അന്തിമ റിപ്പോർട്ട് ലഭിച്ചതിനുശേഷം പഞ്ചാബിന് കൂടുതൽ തുക നൽകുമെന്ന് കേന്ദ്രമന്ത്രിമാർ അറിയിച്ചു.

&&&&&&&&&&&&&&&

## HEADLINE 4

**MANSUKH- YOUTH ( INTRO )**

വികസിത് ഭാരത് യങ് ലീഡേഴ്സ് ഡയലോഗ് എന്നത്, യുവാക്കളുടെ കാഴ്ചപ്പാടിനെ നിർണായക സ്വാധീനമായി മാറ്റുന്നതിന്റെ യഥാർത്ഥ ഉദാഹരണമാണെന്ന് കേന്ദ്ര യുവജനകാര്യ, കായിക മന്ത്രി മൻസുഖ് മാണ്ഡവ്യ. 2026 ൽ

നടക്കാനിരിക്കുന്ന വികസിത് ഭാരത് 'യുവനേതൃസംവാദ'ത്തിന്‍റെ രണ്ടാം പതിപ്പ് ന്യൂഡൽഹിയിൽ പ്രഖ്യാപിക്കുകയായിരുന്നു അദ്ദേഹം. ഇതോടനുബന്ധിച്ചുള്ള വികസിത് ഭാരത് പ്രശ്നോത്തരിയ്ക്കും അദ്ദേഹം തുടക്കം കുറിച്ചു. രാജ്യത്തിന്റെ ഭാവിക്കുവേണ്ടിയുള്ള രൂപരേഖ തയ്യാറാക്കുന്നതിൽ യുവജനങ്ങളുടെ കഴിവുകളെ ഈ വേദിയിലൂടെ ശക്തിപ്പെടുത്താനാകുമെന്ന് കേന്ദ്രമന്ത്രി വ്യക്തമാക്കി. ( വോയിസ്....)

**&&&&&&&&&&&&&&&**

## HEADLINE 6

## BADMINTON HONG KONG OPEN

ഹോങ്കോംഗ് ഓപ്പൺ സൂപ്പർ 500 ബാഡ്മിന്റൺ പുരുഷ സിംഗിൾസിൽ ഇന്ത്യയുടെ ലക്ഷ്യ സെൻ ഫൈനലിൽ. ചൈനീസ് തായ്പേയി താരത്തെ പരാജയപ്പെടുത്തിയാണ് ലക്ഷ്യ സെന്നിന്റെ ഫൈനൽ പ്രവേശം. ഫൈനലിൽ ലക്ഷ്യ സെൻ ചൈനീസ് താരത്തെ നേരിടും. നാളെ നടക്കുന്ന പുരുഷ ഡബിൾസ് ഫൈനലിൽ ഇന്ത്യൻ ജോഡികളായ സാത്വിക് സായിരാജ് രങ്കിറെഡ്ഡിയും, ചിരാഗ് ഷെട്ടിയും ചൈനീസ് സഖ്യവുമായി ഏറ്റുമുട്ടും.

**&&&&&&&&&&&&&&&**

## ASIA CUP CRICKET

ഏഷ്യ കപ്പ് ട്വന്റി-20 ക്രിക്കറ്റിൽ ഇന്ന് ബംഗ്ലാദേശ് ശ്രീലങ്കയെ നേരിടും. ഇന്ത്യൻ സമയം രാത്രി 8 മണിക്ക് അബുദാബിയിൽ ഷെയ്ഖ് സായിദ് ക്രിക്കറ്റ് സ്റ്റേഡിയത്തിലാണ് മത്സരം. ഏഷ്യ കപ്പിൽ ഇന്ത്യ നാളെ പാകിസ്ഥാനെ നേരിടും.

**&&&&&&&&&&&&&&&**

## INCOME TAX RETURN

2024–25 സാമ്പത്തിക വർഷത്തിലെ ആദായ നികുതി റിട്ടേണുകൾ സമർപ്പിക്കാനുള്ള സമയപരിധി മറ്റെന്നാൾ അവസാനിക്കും. വൈകിയുള്ള നികുതി സമർപ്പണത്തിന് പിഴയും പലിശയും ഈടാക്കും.

&&&&&&&&&&&&&&&

## UKRAINE-RUSSIA-OIL

ബാൾട്ടിക് കടലിലുള്ള റഷ്യയുടെ ഏറ്റവും വലിയ എണ്ണ ടെർമിനലിൽ യുക്രെയ്ൻ ആക്രമണം. ഏതാനും ദിവസത്തെ ഇടവേളയ്ക്കുശേഷമുള്ള ഏറ്റവും വലിയ ഡ്രോൺ ആക്രമണങ്ങളിലൊന്നാണിത്. നിരവധി പമ്പിംഗ് സ്റ്റേഷനുകളിലും ഡ്രോൺ ആക്രമണങ്ങൾ നടന്നതായി റിപ്പോർട്ടുണ്ട്. റഷ്യയ്ക്കുനേരെയുള്ള ഡ്രോൺ ആക്രമണങ്ങൾ യുക്രെയ്ൻ ശക്തമാക്കുന്നതായാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

&&&&&&&&&&&&&&&

&&&&&&&&

&&&